

THURSDAY 18.07.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/07/2024

1. കൃഷി വകുപ്പ് നടപ്പാക്കിവരുന്ന ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം ഇന്നലെ രാവിലെ സെക്രട്ടറിയേറ്റ് ഉദ്യാനത്തിൽ കൃഷി മന്ത്രി പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനുകളിലൂടെയും പച്ചക്കറി വിത്തു പാക്കറ്റുകൾ വിതരണം ചെയ്യുന്നു.

2. കേരള കാർഷിക സർവകലാശാലയുടെ കരമന നെടുങ്കാട് സ്ഥിതിചെയ്യുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ (ഐ.എഫ്.എസ്.ആർ.എസ്.) നിറപുത്തരി കൊയ്ത്തുത്സവാഘോഷത്തിനുള്ള നെൽക്കതിർ (ചതുരശ്രമീറ്ററിന് 100 രൂപ നിരക്കിൽ), കതിർക്കെട്ടുകൾ (അയർ) വലുപ്പം അനുസരിച്ച് 250 മുതൽ 2000 രൂപ വരെ വില്പനയ്ക്ക് ജൂലൈ മാസം അവസാന വാരം മുതൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471- 2343586 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. പാറശാല കൃഷിഭവനിൽ സങ്കരയിനം ടിഷ്യൂകൾച്ചർ വാഴക്കന്നുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. ഒരു വാഴക്കന്നിന് 5 രൂപയാണ് നിരക്ക്. ആവശ്യമുള്ളവർ രേഖകൾ സഹിതം പാറശാല കൃഷിഭവനിൽ നേരിട്ട് വന്ന് വാങ്ങേണ്ടതാണ്.

4. കേരള വെറ്ററിനറി ആന്റ് അനിമൽസയൻസസ് യൂണിവേഴ്സിറ്റിയുടെ പിജി, ഡിഗ്രി, പിജി ഡിപ്ലോമ, ഡിപ്ലോമ കോഴ്സുകളിലേക്ക് 2024-25 അധ്യയന വർഷത്തിലേക്കുള്ള പ്രവേശനത്തിനായുള്ള അപേക്ഷാത്തീയ്യതി ജൂലൈ 30 വരെ നീട്ടി. വിശദവിവരങ്ങള്ക്ക് www.kvasu.ac.in സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്കായി 04936 209272, 209269, 209270, 9562367900, 9446994414 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവ്വകലാശാല മണ്ണുത്തിയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ ഹൈദ്രബാദും (MANAGE) സംയുക്തമായി ഒരു ത്രിദിന ഓൺ ലൈൻ പരിശീലന പരിപാടി ജൂലൈ മാസം 24 മുതൽ 26 വരെ രാവിലെ 10 മണി മുതൽ 4 മണി വരെ സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ലിങ്ക് www.manage .gov.in

6. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി **"തീറ്റപുൽകൃഷി"** എന്ന വിഷയത്തെ ആസ്പദമാക്കി 18/07/2024 മുതൽ 19/07/2024 വരെ രണ്ട് ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9495390436, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് സന്ദേശമയച്ചോ ട്രെയിനിംഗിൽപങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. 2024 ജൂലൈ 20 മുതൽ 31 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ **ക്ഷീരോല്പന്ന നിർമ്മാണ പരിശീലനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഈ മാസം 19-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം - 695004.എന്ന വിലാസത്തിലോ, 0471-2440911 എന്ന ഫോൺ നമ്പരിലോ principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

8. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കരമനയിൽ പ്രവർത്തിക്കുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ '**സംരംഭകത്വത്തിനായി കൂൺ വിത്തുല്പാദനം**' എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി ജൂലൈ മാസം നാലാം വാരം നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് അവസരം ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ 9446104347, 9645219270 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. റബ്ബറുത്പന്നങ്ങളുടെ വിശകലനം, റിവേഴ്സ് എഞ്ചിനീയറിങ് എന്നിവയിൽ റബ്ബർബോർഡ് പ്രത്യേക പരിശീലനം നൽകുന്നു. ഉയർന്ന നിലവാരമുള്ള ഉപകരണങ്ങളുടെയും രാസവസ്തുക്കളുടെയും സഹായത്തോടെ റബ്ബറുത്പന്നങ്ങൾ വിശകലനം ചെയ്യൽ, പോളിമറുകളെ തിരിച്ചറിയൽ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലനം ജൂലൈ 22 മുതൽ 26 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. റബ്ബർവ്യവസായം, ആർ&ഡി സ്ഥാപനങ്ങൾ, ഡിഫൻസ് ലബോറട്ടറികൾ തുടങ്ങിയ മേഖലകളിൽനിന്നുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ് ആപ്പ് നമ്പരിലോ ബന്ധപ്പെടുക.